# നെന്മാണിക്യം

(നോവൽ–7)

ജോൺ ഇളമത

അച്ചാരമ്മയുടെ മനസ്സ് തുലാസിൽ ആടി. എന്തുചെയ്യണം?

അവൾ പലവട്ടം ആഞ്ഞതാണ്, കഞ്ഞന്ന അമ്മച്ചിയോട് എല്ലാം പറയാൻ.

ചുമ്മാരച്ചൻ മഹാദേഷ്യക്കാരനാണ്. താനാണ് ഇതെല്ലാം പറഞ്ഞതെന്നറിഞ്ഞാൽ അവൻ എന്തും ചെയ്യാൻ മടിക്കാത്തവനാണ്. ആ പേടി അച്ചാരമ്മയെ മൗനിയാക്കി.



എങ്കിലും അവൾക്കുറക്കം നഷ്ടപ്പെട്ടു, ഉള്ളിലെ കാര്യം കുഞ്ഞന്ന അമ്മച്ചിയോടു പറയാത്തതിൽ.

അച്ചാരമ്മയ്ക്ക് അക്കാര്യത്തിൽ പകയും വിദ്വേഷവുമുണ്ട്. ഭൂമിയിലേക്ക് ഒരനാഥയെപ്പോലെ ഇറങ്ങിവന്ന ജനനം, ഒരു ശാപംപോലെ അവൾക്കു തോന്നി. ഒരു പെണ്ണിന് ഒന്നും ആഗ്രഹിക്കാൻ കഴിയാത്ത അവസ്ഥ. വികൃതമായ മുഖം. കാണുന്നവർ മുഖം തിരിക്കും. ഒരുവട്ടം കൂടി നോക്കില്ല.

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും അവളുടെ മനസ്സു വെമ്പി. ആർക്കാണ് തന്നെ വേണ്ടത്? കീഴാളമാർഗ്ഗത്തിലുള്ള ചെറുക്കൻമാർ വരെ നോക്കുന്നത് ഒരുതരം അറപ്പോടെയാണ്.

ഓ, എല്ലാവരുടെയും മുമ്പിൽ ഒരു കുരങ്ങച്ചി! ആർക്കോ ജനിച്ച ഒരു വികൃതസൃഷ്ടി.

പെണ്ണിന്റെ ആകർഷണം അവളുടെ മുഖമാണ്. ചിരി, പല്ല്, കണ്ണ് എല്ലാം.

ചിരിച്ചാൽ കരയുമെന്ന് തോന്നും. വരിതെറ്റിയ കോന്ത്രപ്പല്ലുകൾ. തവളയുടേതുമാതിരി വീർത്ത കണ്ണുകൾ. വടിവില്ലാത്ത ശരീരം. വികൃതമായ മുഖം. ആർക്കു വേണം മുഖം നഷ്ടപ്പെട്ട ഒരു വികൃത രൂപത്തെ. ആരെങ്കിലും കണ്ണുപൊട്ടന്മാരെങ്കിലും തന്നെ ഒന്നു സ്നേഹിച്ചിരുന്നുന്നെങ്കിലെന്നവർക്കു തോന്നാറുണ്ട്.

അവൾ അജ്ഞാതരായ അപ്പനേയും അമ്മയേയും ശപിച്ചു. അതിനു കൂട്ടുനിന്ന ദൈവത്തേപ്പോലും.

ആകെ ഒരു വാശിയായി. രഹസ്യം പുറത്തുവിടാൻതന്നെ അവൾ തീരുമാനിച്ചു. അങ്ങനെയെങ്കിലും കുറേ പക തീർക്കണം.

അന്നൊരിക്കൽ കുഞ്ഞന്ന അമ്മച്ചിയെ ഒറ്റയ്ക്ക് അടുക്കളയിൽ കിട്ടിയപ്പോൾ, അച്ചാരമ്മ ആ രഹസ്യം വെളിപ്പെടുത്തി:

ഞാനൊരു സൊകാര്യം അമ്മച്ചിയോടു പറയാം.

എന്തോന്നാടീ ആച്ചീ? അങ്ങനെയാണ് അമ്മച്ചി, അവളെ വിളിക്കുക.

നമ്മുടെ ചുമ്മാരച്ചൻ.......

ചുമ്മാരച്ചൻ.........അമ്മച്ചി ഉദ്വേഗത്തോടെ നിന്നു, ബാക്കി കേൾക്കാൻ.

ഞാമ്പറഞ്ഞെന്ന് ചുമ്മാരച്ചനറിയരുത്.

പറയടീ പെണ്ണേ, കാര്യമെന്തോന്നാന്നുവെച്ചാ......

വള്ളപ്പുരയിൽ.........

പറഞ്ഞു തീർക്കെടീ....

ആ മുക്കുവപ്പെണ്ണും ചുമ്മാച്ചനും തുണിയില്ലാണ്ട് വള്ളപ്പുരയിൽ കെട്ടിപ്പിടിച്ചുരുളുന്നതു ഞാങ്കണ്ടു.

കുഞ്ഞന്ന ഞെട്ടി.

തെയ്യായോ?

അതേ.

ഞാമ്പറഞ്ഞറിഞ്ഞൂന്നുവന്നാ ചുമ്മാരച്ചനെന്നെ വെച്ചേക്കത്തില്ല. അച്ചാരമ്മ കുറ്റബോധത്തോടെ നിന്നു.

നീ പേടിക്കേണ്ട. ഞാം നോക്കിക്കോളാം.

എന്നാ കണ്ടത്?

കുറേ ദിവസിയായി. എല്ലാരും കൂടി ഉയിർപ്പിന് എടത്വായ്ക്ക് പോയപ്പം.....

എന്താ പറയാം താമസിച്ചത്...?

പേടിച്ചിട്ട്.....

പേടിക്കണ്ട, എന്തെങ്കിലും കണ്ടാ അപ്പോ എന്നോടു പറയണം.

ങും! അച്ചാരമ്മ തലകുലുക്കി. എങ്കിലും ഭീതി അവളെ വലയം ചെയ്തു. എന്തോ സംഭവിക്കാൻ പോകുന്നതോർത്ത്.

കുഞ്ഞന്നയുടെ മനസ്സിൽ ആധിയായി, ചെറുക്കൻ കാണിച്ച കുരുത്തക്കേടോർത്ത്.

എപ്പോഴും പറയുന്നതാണ് ഭർത്താവിനോട്, മുന്നറിയിപ്പ് എന്നോണം. ചെയ്തുതീർക്കാനുള്ളത് അപ്പോ അപ്പോ ചെയ്യണം.

അപ്പോ പറയുന്ന മറുപടിയാ:

എടീ കുഞ്ഞന്നേ, കാലം മാറി. പണ്ടത്തേപ്പോലെ ബാലവിവാഹം ഇപ്പോ ആരും നടത്താറില്ല.

മൊഖത്ത് കൊള്ളികൊള്ളുമ്പം മനസ്സിലാകും. വല്യവീട്ടിലെ പിള്ളേര് പെഴയ്ക്കാൻ അധികനേരമൊന്നും വേണ്ട!

അന്നു രാത്രി ഉറക്കറയിൽ കുഞ്ഞന്ന ഒരു തലയണമന്ത്രം ഉരുവിട്ടു, ഒരു ശകാരംപോലെ.

ചെറുക്കന്റെ കല്യാണം അമാന്തിക്കരുതെന്ന് പലവട്ടം ഞാനുരുവിട്ടതാ.

അതിനിപ്പോ എന്തോപറ്റി?

പറ്റിക്കഴിഞ്ഞിട്ടാലോചിച്ചാ മതി.

എന്തോന്നാടീ, തെളിച്ചുപറ.

ചുമ്മാച്ചനും തെയ്യായും തുണിയില്ലാതെ വള്ളപ്പുരയിലുരുളുന്നത് അവളു കണ്ടു.

ആര്?

ആച്ചി. ഏടാകൂടം വല്ലോം വന്നാ ആർക്കാ നാണക്കേട്! എന്തേലുമൊക്കെ സംഭവിച്ചാ ഈ ജാതികള് കെട്ടിത്തൂങ്ങിയോ, ഒതളങ്ങ തിന്നോ ഒക്കെ ചാകും. അപ്പോഴും നാണക്കേടാർക്കാ? തറവാട്ടിലെ ചെറുക്കൻ ചതിച്ചൂന്ന് നാട്ടുകാര് പറേം.

പെണ്ണു നിക്കണ്ടടത്തു നിക്കണം. പാലു സഗൗരവം പറഞ്ഞു.

ങാ, പ്രമാണം പറഞ്ഞോട്ടിരുന്നോ?

നീ ഒരു കാര്യം ചെയ്യ്. അവടമ്മേ വിളിപ്പിച്ച് പെണ്ണിനെ ആരടേങ്കിലും തലേ വച്ചുകൊടുക്കാമ്പറ.

അതുതന്നാ ഞാനും ആലോചിക്കുന്നേ! ഇനീം അമാന്തിക്കണ്ടാ. ചെറുക്കന് ഒരു പെണ്ണിനെ ഒടനേ കണ്ടുപിടിക്കണം.

ങും പാലു മൂളി.

പിന്നെയും തെയ്യാ വന്നു, പച്ചമീനുമായി. അവൾ വാഴക്കൂട്ടങ്ങളുടെ ഇടയിലൂടെ പാത്തും പതുങ്ങിയുമാണ് അടുക്കളയിൽ വന്നുകയറിയത്. അച്ചാരമ്മ ഉച്ചയൂണിന് അരി കഴുകിയിടുകയായിരുന്നു.

തെയ്യായെ കണ്ട കുഞ്ഞന്ന അടുക്കളയിലേക്കു വന്നു. ശാസനരൂപത്തിൽ പറഞ്ഞു:

പെണ്ണേ, ഇനിമൊതല് നീ മീനുകൊണ്ടു വരണ്ട. നിന്റെ അമ്മേ പറഞ്ഞുവിട്ടാമതി.

തെയ്യാ ജാള്യതയോടെ നിന്നു. ആരെങ്കിലും എന്തെങ്കിലും അറിഞ്ഞിരിക്കോ?

അച്ചാരമ്മ ഒന്നുമറിയാത്തമട്ടിൽ മിഴിച്ചുനിന്നു.

കുഞ്ഞന്ന ഗൗരവത്തിൽ വീണ്ടും പറഞ്ഞു: പെണ്ണ് പ്രായമെത്തിയാൽ കൂരയിലിരിക്കണം, ആരേലും വന്ന് കെട്ടിക്കൊണ്ട് പോംവരെ. നീ മീൻ ചട്ടിലിട്ടിട്ട് വേഗം പൊക്കോ.!

തെയ്യാ നിക്കാതെ വേഗം വാഴക്കൂട്ടങ്ങളുടെ ഇടയിലൂടെ മറഞ്ഞു.

പോകും വഴി അവൾ ചിന്തിച്ചു: തെറ്റ് ചുമ്മാരച്ചന്റേതാണ്. ശകാരം തനിക്കും. പ്രായമെത്തി എന്നു കരുതി കൂരയിലിരുന്നാ ആരാ അന്നത്തിന് വകതരുന്നത്? അപ്പൻ നേരത്തെ മരിച്ചു. ആങ്ങള വസ്ത്യനാണ് അന്നത്തിന് വക അന്വേഷിക്കുന്നത്. ആറ്റിലും കായലിലും വലയ്ക്കു പോകും. കിട്ടുന്ന മീൻ അമ്മ കത്രി നടന്നു വില്ക്കും. പിടിച്ചുകൊണ്ടുവരുമ്പം തന്നെ പിടയ്ക്കുന്ന മീൻ തറവാട്ടിൽ എത്തിക്കുന്നത് താനാണ്. പിന്നെ ഒരു നേരമാ കഴിപ്പ്. അത്താഴം, അത്താഴത്തിന്, കഞ്ഞിയും കപ്പയും മീൻകറിയും താൻ ഉണ്ടാക്കും. എല്ലാം അമ്മ പഠിപ്പിച്ചു തന്നിട്ടുണ്ട്.

അന്നു കൂരയിലെത്തിയ അവൾ അമ്മയോടു പറഞ്ഞു:

തറവാട്ടിലെ കുഞ്ഞന്ന അമ്മച്ചി പറഞ്ഞു മീൻകൊണ്ടോയിക്കൊടുക്കാനമ്മ തന്നെ ചെല്ലോണമെന്ന്.

എന്തോണ്ടായടി?

എനിക്കൊന്നും അറിയാ വയ്യാ. തെയ്യാ ഇട്ടു മൂടി.

എന്നാ നാളെ മൊതല് നീ മീം വിക്കാം നടക്ക്. ഞാം തറവാട്ടി മീം കൊണ്ടേയിക്കൊടുക്കാം.

അവൾ മൂളി.

പിറ്റേന്നു മുതൽ കത്രി പച്ചമീനുംകൊണ്ട് തറവാട്ടി എത്തി.

മീൻ വെട്ടിക്കൊണ്ടിരുന്നപ്പോൾ കത്രി, കുഞ്ഞന്നയോടു  തിരക്കി:

എന്താ അമ്മച്ചീ അവളു മീം കൊണ്ടെടാരണ്ടന്ന് പറഞ്ഞേ?

കുഞ്ഞന്ന മൂടിവച്ചു പറഞ്ഞു. അവള് വളർന്ന പെണ്ണല്ലോ? ഇനീം ഒരു ചെറുക്കനെ അന്വേഷീര്. അല്ലെങ്കിൽ ഈ പ്രായം കൊഴപ്പം പിടിച്ചതാ. പെണ്ണിന്റെ മനസ്സെങ്ങാനും പതറിയാ പിടിച്ചാ കിട്ടത്തില്ല.

അതിന് ആരേലും വന്നു കെട്ടണ്ടേ, പൊന്നും പണോം കൊടുക്കാതെ ആരാ വന്ന് കെട്ടാമ്പോണത്?

എടീ, നീ എന്തേലും തരപ്പെടുത്ത്, പൊന്നും പോരാത്ത പൊന്നും പണോം തന്ന് ഞാൻ നിന്നെ സഹായിക്കാം.

കത്രി ജാഗ്രതയോടെ മീൻ വെട്ടി. അപ്പോഴവളോർത്തു: എന്തു മനസ്ഥിതിയുള്ള കുഞ്ഞന്ന അമ്മച്ചി.!

(തുടരും...)

**************************************